LIBRARY ARCHIVES Kerala Legislative Assembly

കൊട്ടിയം-കണ്ണറ റോഡ്

215 (907) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടിയം-കണ്ണറ റോഡിലെ കാലപ്പഴക്കംകൊണ്ട് ദ്രവിച്ച ആസ്ബസ്റ്റോസ് പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ ;

(ബി) നിരന്തരമായ പൈപ്പുപൊട്ടൽമൂലം റോഡ് തകരുന്നതും കുടിവെള്ളം മുടങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ വിഷയത്തിൽ ബഹു. മന്ത്രി പൊതുപരിപാടിയിൽവച്ച് നൽകിയ വാഗ്ദാനവും ഉദ്യോഗസ്ഥർക്ക് നൽകിയ നിർദ്ദേശവും സംബന്ധിച്ച തുടർ നടപടികളുടെ തൽസ്ഥിതി ലഭ്യമാക്കുമോ ?

ഉത്തരം

(എ) കൊട്ടിയം-കണ്ണറ റോഡിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട കാലപ്പഴക്കംചെന്ന ആസ്ബസ്റ്റോസ് പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

പനകുറ്റിമല പ്ലാന്റിൽനിന്നുള്ള ശുദ്ധജല വിതരണം

216 (908) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ നഗരസഭയിൽ ഉൾപ്പെട്ട പനകുറ്റിമലയിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റിൽനിന്നും ശുദ്ധജലം കരവാളൂർ, അഞ്ചൽ, ഇടമുളക്കൽ ഗ്രാമപഞ്ചായത്തുകളിലെ വീടുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായിയെന്ന് വ്യക്തമാക്കുമോ ; പുനലൂർ നഗരസഭാ മേഖലയിൽ ടി പ്ലാന്റിൽനിന്നും ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;